ബലാൽസംഗം ചെയ്യപ്പെടുന്നവർക്കുള്ള ധനസഹായം

12. [21] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ബലാൽസംഗത്തിന് വിധേയമാകുന്ന പട്ടികജാതി-പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് 5,000 രൂപ ധനസഹായം നൽകും എന്ന പദ്ധതി (നയം) അനുസരിച്ച് ഇതുവരെ എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

13 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. (ഇതിൽ തൃശ്ശൂർ, വയനാട്, മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിലെ 28-2-1986-നു ശേഷമുള്ള വിവരങ്ങൾ അടങ്ങിയിട്ടില്ല. ആ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

പിടിച്ചുപറി-പോക്കറടിക്കേസുകൾ

13. [22] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 1986 സെപ്റ്റംബർ 30 വരെ സംസ്ഥാനത്ത് നടന്നിട്ടുള്ള പിടിച്ചുപറി, പോക്കറടി എന്നിവ സംബന്ധിച്ച എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇതിൽ എത്രയെണ്ണത്തിന് തുമ്പുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 582 കേസ്സുകൾ.
(ബി) 278 കേസ്സുകൾ.

മോഷണക്കേസുകൾ

14. [24] ശ്രീ. എ. കെ. പത്മനാഭൻ :
,, വി. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര മോഷണക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇതിൽ പ്രതികളെ കണ്ടുകിട്ടാത്ത എത്ര കേസുകളുണ്ട് ;

(സി) ഈ കാലയളവിൽ നടന്ന ദേവാലയ മോഷണങ്ങൾ എത്ര ;

(ഡി) ഇതിൽ ഹിന്ദു, ക്രിസ്ത്യൻ, മുസ്ലീം ദേവാലയങ്ങൾ എത്രയുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) ദേവാലയ മോഷണക്കേസുകളിൽ ഏതിലെങ്കിലും പ്രതികളെ കണ്ടുകിട്ടാതെയുണ്ടോ :

(എഫ്) ഉണ്ടെങ്കിൽ എത്ര കേസുകളിൽ ?

ഉത്തരം

(എ) 6648 കേസ്സുകൾ.
(ബി) 3949 കേസുകൾ.
(സി) 1348.
(ഡി) യഥാക്രമം 813, 358, 171.

LIBRARY ARCHIVES Kerala Legislative Assembly